**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 54** **28-01-2026 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം തുറമുഖത്തിന്റെ അനുബന്ധ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. കെ. ആൻസലൻ,<br>ശ്രീമതി ഒ എസ് അംബിക,<br>ശ്രീ എം മുകേഷ്** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | വിഴിഞ്ഞം തുറമുഖത്തിനായുള്ള അനുബന്ധ സൗകര്യ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിനായുള്ള പ്രധാന അനുബന്ധ സൗകര്യങ്ങളുടെ (റോഡ്, റെയിൽ കണക്റ്റിവിറ്റി) പുരോഗതി താഴെ പറയും പ്രകാരമാണ്.<br><br>1. തുറമുഖത്തേക്കുള്ള റോഡ് കണക്റ്റിവിറ്റി (അനുബന്ധ സൗകര്യം): ദേശീയപാത (NH-66) - യിൽനിന്നും വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തേക്കുള്ള താൽക്കാലിക കണക്റ്റിവിറ്റിക്ക് ഇപ്പോൾ NHAI - യുടെ ഔദ്യോഗിക അംഗീകാരം ലഭിച്ചിട്ടുണ്ട്. താൽക്കാലിക കണക്റ്റിവിറ്റി ക്രമീകരണങ്ങൾ ക്കായി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ (NHAI) കേരള റീജിയണൽ ഓഫീസർ 16-01-2026-ൽ 'പ്രൊവിഷണൽ പെർമിഷൻ' (Provisional Permission for Access) നൽകുകയുണ്ടായി. ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരണത്തിന്റെ അവസാന ഘട്ടത്തിലാണ്.<br><br>2. തുറമുഖത്തേക്കുള്ള റെയിൽ കണക്റ്റിവിറ്റി (അനുബന്ധ സൗകര്യം): തുറമുഖത്തെ ദക്ഷിണ റെയിൽവേ നെറ്റ്‌വർക്കുമായി ബാലരാമപുരം റെയിൽവേ സ്റ്റേഷനിൽ ബന്ധിപ്പിക്കുന്ന 10.7 km റെയിൽ കണക്റ്റിവിറ്റി കെ.ആർ.സി.എൽ (KRCL) വഴിയാണ് നടപ്പിലാക്കുന്നത്. ഭൂമി ഏറ്റെടുക്കൽ നടപടികൾ അവസാന ഘട്ടത്തിലാണ്. ഇ.പി.സി (EPC) ടെൻഡർ രേഖകൾ തയ്യാറാക്കുകയും അവയുടെ അംഗീകാരത്തിന്റെ അവസാന ഘട്ടത്തിലുമാണ്. ടെൻഡർ ക്ഷണിച്ച് കോൺട്രാക്ടറെ തെരഞ്ഞെടുത്തു കഴിഞ്ഞാൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിക്കും. |
| (ബി) | വിഴിഞ്ഞം തുറമുഖത്തുനിന്നും കരമാർഗ്ഗം ചരക്കുനീക്കം സാധ്യമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ | (ബി) | വിഴിഞ്ഞം തുറമുഖത്തുനിന്നും കരമാർഗം ചരക്കു നീക്കം സാധ്യമാക്കുന്നതിനായി, NH-66 - ലേക്ക് റോഡ് |

എന്തെല്ലാമാണെന്നും തുറമുഖത്തിലേക്കുള്ള അപ്രോച്ച് റോഡിനെ ദേശീയപാത (എൻ.എച്ച്-66) യുമായി ബന്ധിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ;

കണക്ടിവിറ്റിയും, ദക്ഷിണ റെയിൽവേ ശൃംഖലയിൽ ബാലരാമപുരം സ്റ്റേഷനിലേക്ക് റെയിൽ കണക്ടിവിറ്റിയും സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയുണ്ടായി. വിശദ വിവരങ്ങൾ താഴെ കൊടുത്തിരി ക്കുന്നു.

1) തുറമുഖത്തേക്കുള്ള റോഡ് കണക്ടിവിറ്റി

(i) ഹ്രസ്വകാല / താൽക്കാലിക കണക്ടിവിറ്റി:

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിലേക്കുള്ള താൽക്കാലിക ദേശീയപാത (NH-66) കണക്ടിവിറ്റി ഇപ്പോൾ ഔദ്യോഗികമായി അംഗീകരിക്കപ്പെട്ട ഘട്ടത്തിലെത്തി യിരിക്കുന്നു. കഴക്കൂട്ടം-മുക്കോല റൂട്ടിലെ ദേശീയപാത 66-ൽ (NH-66), പോർട്ട് അപ്രോച്ച് റോഡിനെ നിലവിലുള്ള സർവീസ് റോഡുകളുമായും യോജിക്കുന്ന ലൊക്കേഷനു കളിൽ ബന്ധിപ്പിക്കുന്നതിന്, നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ (NHAI) കേരള റീജിയണൽ ഓഫീസർ 16-01-2026-ൽ വിവിധ താൽക്കാലിക പ്രവേശന ക്രമീകരണങ്ങൾക്കായി പ്രൊവിഷണൽ പെർമിഷൻ (Provisional Permission for Access) നൽകിയിട്ടുണ്ട്. ഇതിന്റെ നിർമ്മാണ പ്രവർത്തന ങ്ങൾ അവസാന ഘട്ടത്തിലാണ്.

(ii) ആധുനിക രീതിയിലുള്ള സ്ഥിരം കണക്ടിവിറ്റി:

NHAI-യുമായി നടത്തിയ സാങ്കേതിക ചർച്ചകളെത്തുടർന്ന്, പോർട്ട് റോഡും ഔട്ടർ റിംഗ് റോഡും NH66 - മായി സാങ്കേതികമായി മികച്ച ആധുനിക രീതിയിലുള്ള ഇന്റർസെക്ഷൻ വഴി സംയോജിപ്പിക്കേണ്ടതുണ്ടെന്ന് തീരുമാനിക്കുകയു ണ്ടായി. ഇതിനായി ഒരു ഇന്റർചേഞ്ച് സൊല്യൂഷൻ (ക്ലോവർലീഫ് കോൺഫിഗറേഷൻ) ആണ് NHAI നിർദേശിച്ചിട്ടുള്ളത്. 2024 ഡിസംബർ 6-ന് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് (MoRTH) മന്ത്രിയുടെയും കേരള മുഖ്യമന്ത്രിയുടെയും അധ്യക്ഷതയിൽ ചേർന്ന ഉന്നതതല യോഗത്തിൽ തടസ്സരഹിതമായ ഗതാഗതം സാധ്യമാകുന്ന റോഡ് കണക്ടിവിറ്റി യുടെ ആവശ്യകതയും ചർച്ച ചെയ്യുകയുണ്ടായി. ഈ കണക്ടിവിറ്റി നടപ്പാക്കുന്നതിനായി തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

**2)** തുറമുഖത്തേക്കുള്ള റെയിൽ കണക്ടിവിറ്റി**:**

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ റെയിൽ കണക്ടിവിറ്റി**,** ചരക്ക് ഗതാഗതം കാര്യക്ഷമമാക്കു ന്നതിനും തുറമുഖത്തെ ദേശീയ റെയിൽ ശൃംഖലയു മായി ബന്ധിപ്പിക്കുന്നതിനുമായി ബാലരാമപുരം

| | | | |
|---|---|---|---|
| | | | സ്റ്റേഷനിലേക്കുള്ള ഒരു പ്രത്യേക റെയിൽ ലൈൻ ആയി ആണ് ആസൂത്രണം ചെയ്തിരിക്കുന്നത്. പദ്ധതി കൊങ്കൺ റെയിൽവേ കോർപ്പറേഷൻ ലിമിറ്റഡ് **(KRCL)** വഴിയാണ് നടപ്പിലാക്കുന്നത്. ഏകദേശം **10.7** കിലോമീറ്റർ നീളമുള്ള **(**അതിൽ ഏകദേശം **9.43** കിലോമീറ്റർ ഭൂഗർഭ ടണൽ ഉൾപ്പെടെ**)** ഈ റെയിൽ ലൈനിന്റെ വിശദമായ പദ്ധതി റിപ്പോർട്ട് **(DPR) KRCL** തയ്യാറാക്കിയതും**,** ആവശ്യമായ സർക്കാർ/ റെയിൽവേ അനുമതി കളും പരിസ്ഥിതി അനുമതിയും ലഭിച്ചിട്ടുള്ളതുമാണ്. ആയതിന് ഭരണാനുമതിയും നൽകിയിട്ടുണ്ട്. ബാലരാമപുരത്തെ ഭൂമി ഏറ്റെടുക്കൽ അവസാന ഘട്ടത്തിലാണ്. വിഴിഞ്ഞത്തെ ഭൂമി ഏറ്റെടുക്കൽ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. ഭൂമി ഏറ്റെടുക്കുന്നതി നായി **193** കോടി രൂപ ഇതിനകം കെട്ടിവെച്ചിട്ടുണ്ട്. ഇ.പി.സി **(EPC)** ടെൻഡർ രേഖകൾ തയ്യാറാക്കുകയും അവയുടെ അംഗീകാരത്തിന്റെ അവസാന ഘട്ടത്തിലുമാണ്. ടെൻഡർ ക്ഷണിച്ച് കോൺട്രാക്ടറെ തിരഞ്ഞെടുത്ത് കഴിഞ്ഞാൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിക്കും. പദ്ധതി ഡിസംബർ 2028 - ഓടെ പൂർത്തിയാക്കുക എന്നതാണ് ലക്ഷ്യം. |
| (സി) | വിഴിഞ്ഞം തുറമുഖ മേഖലയിലെ ജനങ്ങളുടെ ക്ഷേമത്തിനായി സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ; | (സി) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി പ്രദേശത്ത് സാമൂഹ്യ ക്ഷേമത്തിലധിഷ്ഠിതമായി സർക്കാർ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. നാളിതുവരെ 114.30 കോടി രൂപ ജീവനോപാധി നഷ്ടപരിഹാര ഇനത്തിൽ സർക്കാർ വിതരണം ചെയ്തുകഴിഞ്ഞു. കൂടാതെ, ഖര മാലിന്യ സംസ്കരണ കേന്ദ്രം (MRF), നൈപുണ്യ പരിശീലന കേന്ദ്രം (ASAP), കുടിവെള്ള വിതരണം, കളിസ്ഥലം, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ (CHC), മത്സ്യബന്ധന തുറമുഖ നവീകരണം, പുതിയ മത്സ്യബന്ധന തുറമുഖ നിർമ്മാണം, കുടിവെള്ള വിതരണം തുടങ്ങിയ ജനക്ഷേമപരമായ പദ്ധതി കളും പ്രദേശത്ത് സർക്കാർ നടപ്പിലാക്കി വരുന്നുണ്ട്. |
| (ഡി) | പ്രദേശത്തെ മാലിന്യ നിർമ്മാർജനവുമായി ബന്ധപ്പെട്ട് നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും അവയുടെ നിലവിലെ സ്ഥിതിയെന്തെന്നും വിശദമാക്കാമോ? | (ഡി) | പദ്ധതി പ്രദേശത്തെ മാലിന്യ നിർമ്മാർജ്ജന വുമായി ബന്ധപ്പെട്ട് ആവശ്യമായ നിരവധി പദ്ധതികൾ സർക്കാർ നടപ്പിലാക്കി വരുന്നുണ്ട്.<br><br>**ഖര മാലിന്യ സംസ്കരണ കേന്ദ്രം (MRF)**<br><br>വിഴിഞ്ഞത്ത് ഖരമാലിന്യ സംസ്കരണ കേന്ദ്രത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി, യന്ത്ര സാമഗ്രികൾ സ്ഥാപിച്ച് പദ്ധതി പ്രവർത്ത നക്ഷമമായിക്കഴിഞ്ഞു. പദ്ധതിയുടെ മേൽനോട്ടവും പ്രവർത്തനവും CKCL കോർപ്പറേഷൻ |

| | | | |
|---|---|---|---|
| | | | മേൽനോട്ടത്തിൽ നടത്തു ന്നതാണ്. ഇതിനായി തുക VISL നൽകിയി ട്ടുണ്ട്.<br><br>**ഓടകളുടെ നിർമ്മാണം**<br><br>പദ്ധതി പ്രദേശത്തേക്ക് ഒഴുകിയെ ത്തുന്ന മാലിന്യവാഹികളായ ഓടകൾ സംയോജിപ്പിച്ചുകൊണ്ട് ഓട നിർമ്മിക്കുന്ന പദ്ധതി HED പൂർത്തീകരിച്ചു. ഇതിന് ആവശ്യമായ തുക VISL നൽകിയിരുന്നു. ഇതോടെ പോർട്ട് പ്രദേശത്തിന്റെ പുറത്തു മലിനജലം കെട്ടിക്കിടക്കുന്നത് പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്.<br><br>**ഗംഗയാർ തോടിന്റെ ശുചീകരണം**<br><br>മൈനർ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് മുഖാന്തിരം ഗംഗയാർ ശുചീകരിച്ച് നീരൊഴുക്ക് സുഗമമാക്കി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇവിടെ മാലിന്യം വലിച്ചെറിയു ന്നത് തടയുവാൻ വേലികൾ സ്ഥാപിക്കു കയും ചെയ്തിട്ടുണ്ട്.<br><br>**4. ജൈവ മാലിന്യ നിർമാർജനം**<br><br>ജൈവ മാലിന്യ നിർമാർജനത്തിനായി 50 ൽ പ്പരം തുമ്പൂർമൂഴികൾ വിഴിഞ്ഞം മേഖലയിൽ സ്ഥാപിക്കുകയും മാലിന്യങ്ങ ളുടെ സമാഹരണം സംസ്കരണം എന്നിവ പ്രദേശത്ത് നടപ്പിലാക്കി വരുന്നു.<br><br>**5. പഴകിയ മാലിന്യക്കൂമ്പാരങ്ങൾ നിർമാർജനം**<br><br>വിഴിഞ്ഞത്തെ ചില പ്രദേശത്തുണ്ടാ യിരുന്ന പഴകിയ മാലിന്യക്കൂമ്പാരങ്ങൾ പ്രത്യേകം സമാഹരിച്ചു ബയോ മൈനിംഗ് ചെയ്യുന്ന പദ്ധതി വലിയ കടപ്പുറം കേന്ദ്രമാക്കി നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ